# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉപ്പുതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-998/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 17/10/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉപ്പുതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-998/2023 തീയ്യതി: 17/10/2023

## ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-10-2022 മുതൽ 14-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 19-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-08-2023 | 19-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ
ശ്രീമതി. ഷൈനി എം.ആർ. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജെയിംസ് .കെ. ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷാഹുൽ അഹമ്മദ് | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ.എൻ.സുരേന്ദ്രൻ | സെക്രട്ടറി | 10-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാഹുൽ അഹമ്മദ് | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ.എൻ.സുരേന്ദ്രൻ | സെക്രട്ടറി | 10-10-2022 | 31-03-2023 |
| ശ്രീ. ജോഷി മാത്യൂ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 24-10-2022 |
| ശ്രീ. തോമസ് പി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ശ്രീ. റെഡോൾഫ് പി. എച്ച്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 19-12-2022 |
| ശ്രീമതി. അനുമോൾ ആർ. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 20-12-2022 | 31-03-2023 |
| ശ്രീമതി. റോസ് മേരി എം. വർക്കി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ഷിജു ഷാജി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. കെ.എം. സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2022 | 31-03-2023 |
| ശ്രീ. വിബിൻകുമാർ പി. വി. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി. മിനിമോൾ കെ. എൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ .രാജൻ | ഹെഡ് മാസ്റ്റർ (ഗവ. എൽ.പി.സ്കൂൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി . ധന്യ ജോൺസൺ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ധന്യ ഡി. എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 19-04-2022 |
| ഡോ. ഗ്രേസി പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-04-2022 | 03-03-2023 |
| ഡോ. സിൻസൺ ജോസഫ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-03-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്ക്, രജിസ്റ്ററുകളിലെ സംക്ഷിപ്തം ഇവ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | മുൻകൂർ പിരിവ് തുകകൾ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | നികുതി/നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | Excess Of Income Over Expenditure തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല | 1-1-7 |
| 9 | സർക്കാർ തിരികെ ക്രമീകരിച്ച തുക ബാധ്യതാകണക്കിൽ നിന്നും കുറവു ചെയ്തില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ഗ്രാന്റ് വിനിയോഗം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച-ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാകുന്നത് 1.23 കോടിയിൽ പരം രൂപ | 1-3-1 |
| 13 | റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് ₹ 246990/- | 1-3-2 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 19 | തനതുവരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 20 | ഇ ടെണ്ടർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല | 1-10 |
| 21 | തനത് വിഭവ സമാഹരണം-അവലോകനം | 1-11 |
| 22 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-12 |
| 23 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു | 1-13 |
| 24 | ഈടാക്കിയ കാലിവീപ്പ വില യഥാവിധി ക്രമീകരിച്ചില്ല | 1- 14 |
| 25 | തരിശ് നില കിഴങ്ങ് വിള കൃഷിക്ക് ധനസഹായം- പ്രോജക്ട് നിർവഹണത്തിൽ അപാകങ്ങൾ | 1-15 |
| 26 | ബെയ്‌ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-16 |
| 27 | ലൈഫ് ഭവനപദ്ധതി വായ്പ - പഞ്ചായത്തിന് വൻബാദ്ധ്യത | 1-17 |
| 28 | ലൈഫ് ഭവനപദ്ധതി-അനർഹരെന്ന് കണ്ടെത്തിയ ഗുണഭോക്താക്കൾക്കെതിരെ നടപടികൾ വൈകുന്നു | 1-18 |
| 29 | സ്കൂൾ അറ്റകുറ്റപ്പണി - പൊളിച്ചെടുത്ത റൂഫിംഗ് മെറ്റീരിയൽസിന്റെ പുനരുപയോഗ-ലേല വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-19 |
| 30 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 1-20 |
| 31 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല | 1-21 |

| | | |
|---|---|---|
| 32 | സംയോജിത പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11 -ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 24.07.2023-ലെ 3(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഉപ്പുതറ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ — ഡെപ്യൂട്ടി ഡയറക്ടർ

17.10.2023 — ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

1) 2011-ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിനൊപ്പം

ഉൾപ്പെടുത്തിയിട്ടില്ല.

2) ധനകാര്യ പത്രികയുടെ I-18 പത്രികയിൽ Prior Period Income/Expenditure ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന നോട്ട്സ് ഓൺ അക്കൗണ്ട്സ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26/07/2011-ലെ ജി.ഒ (എം.എസ്) 152/2011 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ ആധികാരികതയും കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6477369 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹55849050/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-4 വാർഷിക കണക്ക്, രജിസ്റ്ററുകളിലെ സംക്ഷിപ്തം ഇവ പൊരുത്തപ്പെടുന്നില്ല

വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ നിർണയിച്ചിരിയ്ക്കുന്ന വർഷാവസാന സംക്ഷിപ്തവും (Demand-Collection-Balance ) വാർഷിക ധനകാര്യ പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-5 മുൻകൂർ പിരിവ് തുകകൾ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല

മുൻകൂറായി ലഭിച്ച തുക വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വിവിധയിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഖണ്ഡിക 1-8 ലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച പരാമർശങ്ങളും കാണുക.

### 1-1-6 നികുതി/നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സോഫ്റ്റ് വെയറിൽ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

### 1-1-7 Excess Of Income Over Expenditure തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല

ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പട്ടികയിൽ Deficit Of Income Over Expenditure ആയി ₹(-)73,974,902/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്ര ഭീമമായ തുകയുടെ കുറവിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ഡിപ്രസീയേഷൻ കണക്കാക്കിയതിന് അനുബന്ധമായ ജേണൽ വൌച്ചറുകൾ/വർക്ക് ഷീറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിൽ ഉണ്ടായ അപാകത മൂലമാണോ ഇത്തരത്തിൽ ഭീമമായ വ്യത്യാസം ഉണ്ടായത് എന്ന് ഉറപ്പാക്കാനായിട്ടില്ല.

### 1-1-8 സർക്കാർ തിരികെ ക്രമീകരിച്ച തുക ബാധ്യതാകണക്കിൽ നിന്നും കുറവു ചെയ്തില്ല

ആധുനിക അറവുശാല സ്ഥാപിക്കുന്നതിനായി സർക്കാർ അനുവദിച്ച ₹5000000/- ട്രഷറി അക്കൌണ്ടിൽ നിക്ഷേപിച്ചുവെങ്കിലും അത് യഥാസമയം ചെലവഴിച്ചില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 31.03.2022-ൽ അവശേഷിച്ച പ്രസ്തുത തുകയും പൊതു ആവശ്യഗ്രാന്റ് നീക്കിബാക്കിയും Redemption ഇനത്തിൽ സർക്കാർ ഫണ്ടിലേക്ക്

മുതൽക്കുട്ടി. പിന്നീട് ഏപ്രിൽ മാസം റീ-അലോട്ട് ചെയ്ത പൊതു ആവശ്യ ഗ്രാന്റിനൊപ്പം ഈ തുക തിരികെ ലഭിച്ചിട്ടില്ല. എന്നാൽ ധനകാര്യ പത്രികയുടെ B-4 പത്രികയിൽ 320200302 ശീർഷകത്തിൽ ഈയിനത്തിൽ പ്രസ്തുത തുക നിലനിർത്തിയിട്ടുണ്ട്. (ബി4-ൽ ഈ ശീർഷകത്തിലെ ആകെ ബാധ്യത ₹6000000/-). ഈ വിഷയത്തിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | V/തീ. 11.03.2022 |
| ഭരണസമിതിയിൽ അവതരണം | I(1)/തീ. 25.03.2022 |
| ഭരണസമിതി അംഗീകാരം | I(1)/തീ. 26.03.2022 |
| ബജറ്റ് പുതുക്കൽ | I(1)/തീ. 21.03.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|
| മുന്നിരിപ്പ് | 10268712 |
| വരവ് | 451961712 |
| ആകെ | 462230424 |
| ചെലവ് | 444699900 |
| നീക്കിയിരിപ്പ് | 17530524 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല. മാർച്ച് 31 എന്ന സാങ്കേതിക തീയതിയുടെ പരിമിതി മറികടക്കുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും അതിനു മുൻപുള്ള ഒരുക്കങ്ങൾ പൂർണമായിരുന്നില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല.

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ പുരോഗമിച്ചിട്ടില്ലെന്ന് അവയിലെ തുകകളും ധനകാര്യപത്രികയിലെ തുകകളും തമ്മിലുള്ള താരതമ്യ പഠനത്തിൽ നിന്ന് വ്യക്തമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരമുള്ള തുക ₹ | ധനകാര്യപത്രിക പ്രകാരമുള്ള തുക ₹ |
|---|---|---|
| വസ്തു നികുതി | 5600000 | 3310211 |
| തൊഴിൽ നികുതി | 2100000 | 1434710 |
| വാടക | 2891000 | 1758912 |
| ഫീസുകൾ | 1665000 | 715589 |
| ലേലം, വിൽപനകൾ | 325000 | 887260 |
| എസ്റ്റാ. ചെലവുകൾ | 19770000 | 15624896 |
| ഭരണച്ചെലവുകൾ | 4150000 | 2183413 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 5015000 | 1831807 |

തുടർന്ന് വരുന്ന വർഷത്തെ വരുമാന വർദ്ധനവ്, ചെലവുകളിലെ സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ആധാരശിലയാകേണ്ട ബജറ്റ് കേവലം സാങ്കല്പിക സംഖ്യകളുടെ ചിത്രീകരണം മാത്രമായി പരിമിതപ്പെടുന്നത് ശരിയായ പ്രവണതയല്ല. ഓരോ വർഷവും പ്രസ്തുത അപാകതകൾ ചൂണ്ടിക്കാണിക്കപ്പെടുന്നുവെങ്കിലും ക്രിയാത്മകമായി വിഷയത്തെ സമീപിക്കാത്ത നടപടി ഗൗരവമർഹിക്കുന്നു. ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 0 | 24367609 | 24367609 | 23989739 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10997401 | 10997401 | 7804644 | 0 |
| വികസന ഫണ്ട് – ടി.എസ്.പി | 0 | 5266000 | 5266000 | 4753806 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 8155106 | 4806205 | 12961311 | 740842 | 12220469 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | 6697000 | 6697000 | 4859859 | 1837141 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 30395000 | 30395000 | 15558686 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 10274000 | 10274000 | 5631469 | 0 |
| 320100202 Health Grant -Infra Structure To PHCs | 0 | 471068 | 471068 | 00 | 471068 |
| 320100204 Health Grant- Health And Wellness Centres | 0 | 281095 | 281095 | 00 | 281095 |
| ടോട്ടൽ സാനിറ്റേഷൻ | 2200086 | 33584 | 2233670 | 957876 | 1304703 |
| ഐ.സി.ഡി.എസ് | 1311720 | 2016962 | 3328682 | 0 | 3328682 |
| ദാരിദ്ര്യ ലഘൂകരണ ഫണ്ട് 320200299 | 450000 | 0 | 450000 | 0 | 450000 |
| ആധുനിക അറവുശാല | 6000000 | 0 | 6000000 | 0 | 6000000 |
| എസ്.ടി. കോർപ്പസ് ഫണ്ട്-വാക്കത്തിക്കുടി കമ്മ്യൂണിറ്റിഹാൾ | 1287698 | 0 | 1287698 | 0 | 1287698 |
| എസ്.ടി. കോർപ്പസ് ഫണ്ട്-മേമാരിക്കുടി കമ്മ്യൂണിറ്റി ഹാൾ | 2137839 | 0 | 2137839 | 0 | 2137839 |
| സാക്ഷരത | 0 | 32000 | 32000 | 0 | 32000 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക ₹ |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 10745976 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1927200 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1323913 |
| വികസന ഫണ്ട്-റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2256005 |

2) അനുബന്ധം 4 പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ അലോട്ട്മെന്റ് ₹24945990/- ആയിരുന്നു. G.O.(MS) No.179/2022/FIN Dated 18.10.2022 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 90 ശതമാനം പിരിവ് കൈവരിക്കാതിരുന്നതിനാൽ ₹246990/- യും, 2021-22 ലെ എസ്.സി.പി ഫണ്ടിലെ ഷോർട്ട് ഫോളിനുള്ള പരിഹാരവകയിരുത്തലിനായി ₹84401/- യും കുറവുചെയ്തതിനുശേഷം ₹ 24614599/- മാത്രമാണ് ഗ്രാന്റിനത്തിൽ വരവ് ലഭിച്ചത്.

3) 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് പൊതുവിഭാഗം, പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം എന്നിവ മാത്രമാണ് നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിയ്ക്കാനായത്. തൻമൂലം ഷോർട്ട് ഫോളായി ₹12338322/- ആണ് 2024-25-ൽ നഷ്ടമാകുന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഖ.1-9 ആയി ചേർത്തിട്ടുണ്ട്.

4) 320100204 Health Grant- Health And Wellness Centres ഇനത്തിലുള്ള ₹96095/- 320100202 Health Grant -Infra Structure To PHCs എന്ന ശീർഷകത്തിലാണ് വാർഷിക ധനകാര്യപത്രികയിലെ B-4 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തുക കൃത്യമായ ശീർഷകത്തിൽ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

5) വാർഷികധനകാര്യപത്രികയിലെ B-4 ൽ 320100182 Total Sanitation Scheme എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ₹1304703/-യിൽ 320100198 Grant From Suchitwa Mission ഇനത്തിലുള്ള ₹28909/- യും ഉൾപ്പെടുന്നുണ്ട്.

6) ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്, അംഗൻവാടി ഓണറേറിയം എന്നിവയ്ക്കുള്ള തുകകൾ സ്രോതസ്സിൽ നിന്ന് കുറവ് വരുത്തിയശേഷമാണ് വികസന ഫണ്ട് (ജനറൽ), (എസ്.സി.പി.), (റ്റി.എസ്.പി.) വിഹിതങ്ങൾ സർക്കാർ അലോട്ട് ചെയ്യുന്നത്. എന്നാൽ പ്രസ്തുത തുകകൾ കൂടി ഉൾപ്പെടുത്തി ആകെ വരവുതുക നിർണ്ണയിക്കാത്തതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്.

7) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

8) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

9) ആധുനിക അറവുശാലയ്ക്കായി ലഭിച്ചതും ട്രഷറി അക്കൌണ്ടിൽ നിക്ഷേപിച്ചിരുന്നതുമായ ഈ തുകയിൽ നിന്ന് ₹5000000/- 31.03.2022 ലെ Redemption വഴി സർക്കാർ തിരിച്ചുപിടിച്ചിരുന്നു. ഈ തുക തിരികെ ലഭിച്ചിട്ടില്ല. എന്നാൽ ധനകാര്യ പത്രികയുടെ B-4 പത്രികയിൽ 320200302 ശീർഷകത്തിൽ ഈയിനത്തിൽ ₹6000000/- നിലനിർത്തിയിരിക്കുന്നു.

10) ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിലെ മുന്നിരിപ്പിൽ ടൈഡ് ഗ്രാന്റ്, ബേസിക്ക് ഗ്രാന്റ് എന്നീ രണ്ട് ഇനങ്ങളിലെ തുകയും ഉൾപ്പെടുന്നുണ്ട്. ബേസിക് ഗ്രാന്റ് ഇനത്തിലെ വരവിൽ ബാങ്ക് പലിശ ഇനത്തിലെ തുകയും ഉൾപ്പെടുന്നു.

### 1-3-1 ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച-ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാകുന്നത് 1.23 കോടിയിൽ പരം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021 ലെ ജി.ഒ(എം.എസ്).79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം

അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവ് പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80ശതമാനവും തമ്മിലുള്ള വ്യത്യാസം (T0tal Allotment X 80% - Actual Expenditure) ലാപ്സ് ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഷോർട്ട് ഫോളിന് തുല്യമായ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽനിന്ന് പരിഹാര വകയിരുത്തലായി മാറ്റിവെയ്ക്കേണ്ടതുമുണ്ട്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് പൊതുവിഭാഗം, പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം എന്നിവ മാത്രമാണ് നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിക്കാനായത്. തൻമൂലം ഷോർട്ട് ഫോളായി 1.23 കോടിയിൽപ്പരം രൂപയാണ് നഷ്ടമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ഇനത്തിൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (SCP) | 10997401 | 7804644 | 70.96 | 2199480 | 993277 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 30395000 | 15558686 | 51.18 | 6079000 | 8757314 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 10274000 | 5631469 | 52.48 | 2054800 | 2587731 |
| ആകെ | | | | | 12338322 |

വികസന ഫണ്ട് (SCP) ചെലവിൽ തൻവർഷമുണ്ടായ കുറവിന് ഷോർട്ട് ഫോളിന് തുല്യമായി 2023-24- ൽ പൊതുവിഭാഗം ഫണ്ടിൽനിന്ന് നടത്തേണ്ട പരിഹാര വകയിരുത്തലിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പരിഹാര വകയിരുത്തലിന് വേണ്ടി വരുന്ന തുക(₹) |
|---|---|
| വികസന ഫണ്ട് (SCP) | 993277 |

വികസനപരമായി ഏറെ പിന്നിൽനിൽക്കുന്ന ഗ്രാമപഞ്ചായത്തിന് അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല അനിവാര്യ വകയിരുത്തലുകൾക്കുപോലും തികയാതെ വരുന്ന അവസ്ഥയ്ക്കും ഹേതുവാകുന്നതാണ്. ഭീമമായ ഷോർട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-3-2 റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് ₹ 246990/-

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ

(പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് 2021-22 സാമ്പത്തികവർഷം റവന്യു പിരിവിൽ 90% കൈവരിക്കാതിരുന്നത് മുൻനിർത്തി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽനിന്ന് ₹246990/- രൂപ കുറവു വരുത്തിയാണ് സർക്കാർ തൻവർഷത്തെ അലോട്ട്മെന്റ് നൽകിയത്. നികുതി പിരിവിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പിരിവ് വിഭാഗം ജീവനക്കാർ എന്നിവരുടെ ക്രിയാത്മക ഇടപെടലുകളുടെ അഭാവമാണ് തുക നഷ്ടപ്പെടാൻ കാരണമായത്. ദൈനംദിന ആവശ്യങ്ങൾക്കുപോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് റവന്യു പിരിവിൽ വീഴ്ച വരുത്തിയത് ഒട്ടുംതന്നെ അംഗീകരിക്കാവുന്ന നടപടിയല്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികൃതരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 332610046 | 122 | 88771134 | 20 | 78 | 61 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 07 | 9055048 | 3731532 |
| വെറ്ററിനറി സർജൻ | 07 | 05 | 3247478 | 1221900 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 03 | 01 | 1700000 | 755966 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04 | 03 | 1250000 | 1199769 |
| വി.ഇ.ഒ. | 15 | 10 | 131857030 | 9092935 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 11 | 12200539 | 7413927 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 29 | 19 | 30880786 | 23712168 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 1000000 | 788956 |
| ഹെഡ്മാസ്റ്റർ GLPS | 01 | 00 | 500000 | 00 |
| ഹെഡ്മാസ്റ്റർ GUPS | 01 | 01 | 1000000 | 999546 |
| അസി. എഞ്ചിനീയർ, | 100 | 54 | 66667114 | 22642537 |

| | | | | |
|---|---|---|---|---|
| എൽ.എസ്.ജി.ഡി. | | | | |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 9 | 73252051 | 17211898 |
| ആകെ | 200 | 122 | 332610046 | 88771134 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 20.05.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 24.05.2022 മുതൽ 30.05.2022 വരെ |
| വികസന സെമിനാർ | 02.062022 |
| ഭരണാനുമതി | I(1)/ തീ. 14.07.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം | 677/2022/DPC/DPO/IDK തീ. 06.03.2023 |

യഥാസമയം പദ്ധതികൾ നടപ്പാക്കി ബില്ലുകൾ മാറാതിരുന്നതിനാൽ മുൻ സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ക്യു-ബില്ലായി ഉൾപ്പെട്ടുപോയ തുകകൾ നടപ്പു വർഷത്തെ അലോട്ടുമെന്റിൽ നിന്ന് പിൻവലിക്കേണ്ടി വന്നിട്ടുള്ളത് പദ്ധതി പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം പരാജയപ്പെട്ടത് ഫണ്ട് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച മൂലമാണ്. വികസന ഫണ്ട് പൊതുവിഭാഗം ഒഴികെയുള്ള സർക്കാർ ഗ്രാന്റുകളൊന്നും അനിവാര്യ ചെലവു പരിധിയായ 80 ശതമാനത്തിലധികം ചെലവഴിക്കാൻ കഴിയാതിരുന്നതുമൂലം തുടർന്നുള്ള വർഷം സർക്കാർ ഗ്രാന്റിനത്തിൽ ഭീമമായ തുക നഷ്ടമാകുന്നതിനും ഇതര ഗ്രാന്റുകളിലേക്ക് പരിഹാര വകയിരുത്തൽ നടത്തേണ്ടതിനും കാരണമായി.

സർക്കാർ ഗ്രാന്റുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ടിനം | ചെലവ് ശതമാനം |
|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 98.44 |
| വികസന ഫണ്ട് (SCP) | 70.96 |
| വികസന ഫണ്ട് (TSP) | 90.27 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (TIED) | 30.94 |
| (ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UNTIED) | 27.78 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്-PHC) | 00 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്-PHC-INFRA STRUCTURE) | 00 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 51.18 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 52.48 |

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- സേവന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളിലൂടെ ലൈഫ് ഭവന പദ്ധതി, വൃദ്ധർക്ക് കട്ടിൽ, കമ്പിളി, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞത് നേട്ടമായി.
- ഗ്രാമീണ റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. എന്നാൽ അവ കോൺക്രീറ്റ് ചെയ്ത് നവീകരിക്കുന്നതിന് ആസ്തി

പരിപാലന ഗ്രാന്റ് വിനിയോഗിക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ ഇതിന് പുതുതായി തയ്യാറാക്കിയ പ്രോജക്ടുകളെല്ലാം ഉപേക്ഷിക്കേണ്ടി വന്നു. ഇത് വാർഷിക പദ്ധതിയുടെ പരാജയത്തിന് കാരണമായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത, കാലാവസ്ഥ എന്നിവ പരിഗണിച്ച് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിന് സർക്കാരിൽനിന്ന് ഇളവ് നേടാൻ കഴിയാതിരുന്നത് ഫണ്ട് വിനിയോഗത്തെ ഗുരുതരമായി ബാധിച്ചു.

- ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിനായി പദ്ധതി വിഹിതത്തിന്റെ പാതിയിലധികം സ്രോതസ്സിൽ നിന്ന് തന്നെ കുറവ് ചെയ്യുന്നതും പദ്ധതി നിർവഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ലൈഫ് 2020 വായ്പാ ബാധ്യതകൂടിവരുന്നതോടെ പദ്ധതിവിഹിതം പൂർണമായും ലഭിയ്ക്കാത്ത സാഹചര്യമാണ് പഞ്ചായത്ത് തുടർന്നുള്ള വർഷങ്ങളിൽ നേരിടേണ്ടത്.
- എം.സി.എഫിന് GEM മാർഗരേഖ മറികടന്ന് നേരിട്ട് ബെയിലിംഗ് മെഷീൻ വാങ്ങിയത് ക്രമപ്രകാരമല്ല.
- ലൈഫ് ഭവന പദ്ധതിയിലൂടെ അനധികൃതമായി തുക കൈപ്പറ്റിയ വ്യക്തികൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയെടുത്ത തീരുമാനം നടപ്പിലായിട്ടില്ല.
- ശ്മശാന നിർമാണത്തിന് സ്ഥലം വാങ്ങാൻ കഴിഞ്ഞ നടപടി ശ്രദ്ധേയമായ നേട്ടമാണ്. ആർജ്ജിച്ച ആസ്തി കെട്ടിട നിർമാണ നടപടികൾ പൂർത്തീകരിച്ച് യഥാവിധി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
- സ്ലോട്ടർ ഹൗസ് നിർമാണത്തിന് ലഭിച്ച അൻപതു ലക്ഷം രൂപ സമയബന്ധിതമായ ഇടപെടലുകളുടെ അഭാവം മൂലം നഷ്ടപ്പെട്ടു.
- മരുന്നു വാങ്ങൽ പ്രോജക്ടുകൾ- വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയില്ല.

അപാകങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനോപകാരപ്രദവുമായി നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6020 | 1924771 | 1930791 | 1922755 | 8036 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 42211359 | 42211359 | 42211359 | 00 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 34939400 | 2479 |
| കർഷക തൊഴിലാളി പെൻഷൻ | 729800 | 74 |
| വിധവാ പെൻഷൻ | 13489200 | 533 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 307200 | 36 |
| വികലാംഗപെൻഷൻ | 3799800 | 163 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 01 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2023ന്

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5713/-യുടെ (അയ്യായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിനെട്ടംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന താഴെ പട്ടികയിൽ പരാമർശിയ്ക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 01 |
| അസി. സെക്രട്ടറി | 01 |
| ഹെഡ്ക്ലാർക്ക് | 01 |
| ഹെഡ് അക്കൗണ്ടന്റ് | 01 |
| സീനിയർക്ലാർക്ക് | 03 |
| ക്ലാർക്ക് | 04 |
| ഓഫീസ് അറ്റൻഡന്റ് | 01 |
| ഡ്രൈവർ | 01 |
| പാർട് ടൈം സ്വീപ്പർ | 01 |

ഇതോടൊപ്പം കരാർ അടിസ്ഥാനത്തിൽ നിയമിയ്ക്കപ്പെട്ട, ടെക്നിക്കൽ അസിസ്റ്റന്റും പ്രോജക്ട് അസിസ്റ്റന്റും തെരുവു വൃത്തിയാക്കുന്നതിന് നിയോഗിക്കപ്പെട്ട ശുചീകരണ തൊഴിലാളികളും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1) ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2) മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല.

3) അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ് , ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2023 മാർച്ച് 31-നുശേഷം നടത്തിയിട്ടില്ല.

4) ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.

5) തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല. 2021-22 സാമ്പത്തിക വർഷം റവന്യൂ പിരിവിൽ സംഭവിച്ച വീഴ്ച മൂലം സർക്കാർ ഗ്രാന്റിനത്തിൽ 2.46 ലക്ഷം രൂപ നഷ്ടപ്പെട്ടു.

6) വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു. ഇവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമാണ്.

7) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ

നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

8) ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹുഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.

9) വാർഷിക പദ്ധതി നിർവഹണത്തിൽ ഉദ്യോഗസ്ഥ-ഭരണസമിതി ഭാഗത്തുനിന്നും ഗുരുതര വീഴ്ചയുണ്ടായി. നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാതിരുന്നതും വാർഷിക പദ്ധതിയ്ക്ക് വകയിരുത്തിയ തുകകൾ യഥാവിധി ചെലവഴിക്കാൻ കഴിയാതിരുന്നതും മോണിട്ടറിംഗ് സമിതിയുടെ ഭാഗത്തുനിന്നുള്ള ഗൗരവമേറിയ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

10) പദ്ധതി വിഹിതം യഥാസമയം ചെലവഴിക്കാതിരുന്നതുമൂലം 2024-25 സാമ്പത്തികവർഷം 1.23കോടിയിലധികം രൂപ നഷ്ടമായത് പദ്ധതിനിർവഹണത്തിലെ പ്രതിസന്ധി രൂക്ഷമാകാൻ കാരണമാകും.

11) ലൈഫ് ഭവന പദ്ധതിയും ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവഹണത്തെ സാരമായി ബാധിക്കുന്നു. ഗുണഭോക്താക്കളുടെ ബാഹുല്യം നിമിത്തം വൻതുക ഹഡ്കോ വായ്പയായി സ്വീകരിച്ചതിനാൽ അതിന്റെ തിരിച്ചടവിനത്തിൽ അലോട്ട്മെന്റിന്റെ പാതിയിലധികവും സ്രോതസിൽനിന്ന് കുറവു വരുത്തുന്നുണ്ട്. ഇത് അനിവാര്യ വകയിരുത്തലിന് പോലും തുക തികയാത്ത സാഹചര്യമാണ് സൃഷ്ടിക്കുന്നത്. ലൈഫ് 2020-യ്ക്കുള്ള വായ്പ കൂടി സ്വീകരിക്കുന്നതോടെ അലോട്ട്മെന്റ് തുക പൂർണമായും സ്രോതസിൽനിന്ന് കുറവു ചെയ്യേണ്ടതായും വരുന്നതിനാൽ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതി നിർവഹണം തടസ്സപ്പെടാനിടയുണ്ട്.

12) സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 തനതുവരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയിതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ. കട്ടപ്പന ശാഖയിൽ ഒരു അക്കൗണ്ടും (നം.67395560339) ഫെഡറൽ ബാങ്ക് കട്ടപ്പന ശാഖയിൽ ക്യൂ.ആർ.കോഡ് മുഖേനയുള്ള ഇ-പേയ്മെന്റിനായി ഒരു അക്കൗണ്ടും (നം.12280100326341) പരിപാലിക്കുന്നുണ്ട്. നികുതി വരവുകൾക്കൊപ്പം പഞ്ചായത്തിന് അനുവദിക്കപ്പെട്ട ലൈഫ് ഭവന പദ്ധതി വായ്പാ തുക, സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയും പ്രസ്തുത അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യത്തിനായി സർക്കാർ ലഭ്യമാക്കുന്ന തുകകൾ തനതു ഫണ്ടിന്റെ ലോഡ്ജിംഗിനായി ആരംഭിച്ചിട്ടുള്ള പ്രസ്തുത അക്കൗണ്ടിൽ നിലനിർത്തി വിനിയോഗിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത അക്കൗണ്ടുകൾ കറണ്ട് അക്കൗണ്ടായതിനാൽ പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 19.08.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ. അക്കൗണ്ടിൽ ₹47,75,154/- യും 14.08.2023 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ ₹2,10,826/- യും അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ, സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒപ്പം ലൈഫ് ഭവന പദ്ധതി ധനസഹായത്തുകകൾ പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി വിനിയോഗം യഥാവിധി നിയന്ത്രിക്കേണ്ടതുമാണ്.

1-10 ഇ ടെണ്ടർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല

വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോം ഫീസ് സ്വീകരിക്കുന്നതിനായി അസി.എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കട്ടപ്പന ശാഖയിൽ ഒരു അക്കൗണ്ട് നിലവിലുണ്ട് (നം. 41460338187). തൻവർഷം ലഭിച്ച ₹130835/- പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്നു. അത് യഥാസമയം ഗ്രാമപഞ്ചായത്തിന് കൈമാറാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. ആകയാൽ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-11 തനത് വിഭവ സമാഹരണം-അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യു വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി ഉപ്പുതറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

പ്രധാന വരുമാന മേഖലകൾ

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശകലനം ചെയ്ത് വിലയിരുത്തിയതായി മിനിറ്റ്സ് രേഖകളിലെ രേഖപ്പെടുത്തലുകളിൽ കാണുന്നു.

റവന്യു വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്

ഭരണ സമിതി യോഗങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ 100% പിരിവുലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. 2021 -22 സാമ്പത്തിക വർഷത്തിലെ നികുതി പിരിവിൽ ഉണ്ടായ കുറവു മൂലം 18.10.2022 ലെ ജി.ഒ (എം.എസ്) 179/2022/ധന ഉത്തരവ് പ്രകാരം വികസന ഫണ്ട് (പൊതു വിഭാഗം) അലോട്ട്മെന്റ് ഇനത്തിൽ ₹246990/- സ്രോതസ്സിൽ കുറവ് ചെയ്ത ശേഷമാണ് ലഭിച്ചത്. തനത് വരുമാന സ്രോതസ്സുകൾ കുറവുള്ള പഞ്ചായത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ്, രേഖസൂക്ഷിപ്പ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) വസ്തുനികുതി – നികുതി പരിഷ്കരണ നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ. (എം.എസ്.) 77/2023 നമ്പർ ഉത്തരവ് പ്രകാരം

ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-2023-ലെ ജി.ഒ.(പി) നം. 25/2023 നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് അംഗീകരിച്ചുകൊണ്ട് 05.05.2023 ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 1(2)). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. (15.05.2023-ലെ എസ്.ഇ.2-561/2023) കരട് വിജ്ഞാപനം 16.05.2023-ൽ പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലുമുള്ള നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിച്ചു. എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മേഖല, റോഡ് എന്നിവയുടെ തരംതിരിവും അതിർത്തികൾ നിശ്ചയിക്കലും സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് 05.05.2023-ൽ കൂടിയ പഞ്ചായത്ത് യോഗത്തിൽ തീരുമാനിച്ചു എങ്കിലും (തീരുമാനം-1/3, 1/4) കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനമായിട്ടില്ല. കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തദനുസരണം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ബി) തൊഴിൽ നികുതി

തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥമായ ജീവനക്കാരുള്ള സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ പൊതുവെ കുറവാണ്. തൊഴിൽ നികുതി തുക കൃത്യമായി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കി വരുന്നുണ്ടെങ്കിലും, ഈ ഇനത്തിൽ കാര്യമായ വർദ്ധനവിന് സാധ്യത കുറവാണ്. എന്നാൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ വർദ്ധനവിന് അനുസരിച്ച് വർദ്ധനവിന് സാധ്യതയുണ്ട്.

സി) ലൈസൻസ് ഫീസുകൾ

കാർഷിക മേഖലയായതിനാൽ വൻകിട വ്യവസായങ്ങൾക്കുള്ള പശ്ചാത്തലസൗകര്യങ്ങൾ വളരെ കുറവാണ്. ഉപ്പുതറയാണ് ഗ്രാമപഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രം. വ്യാപാര സ്ഥാപനങ്ങളിൽനിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. എന്നാൽ വ്യാപാരികൾക്ക് പ്രത്യേക ഡിമാന്റ് നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ല. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. ഹരിതകർമ്മ സേന നാനൂറിലധികം സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും 200 സ്ഥാപനങ്ങളെ മാത്രമാണ് 2022-23 വർഷത്തിൽ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത്. 2021-22 വർഷത്തിൽ 213 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നീ ഇനങ്ങളിൽ വരവ് നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗങ്ങൾ അവലംബിക്കാവുന്നതാണ്.

ഡി) വാടക, കുത്തകാവകാശം

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ഒരു പ്രധാന വരുമാന സ്രോതസ്സാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 48 കടമുറികൾ ലേലം ചെയ്തു നൽകി തുക ആർജിക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റാളുകൾ അറ്റകുറ്റപണിയുടെ അഭാവം മൂലം കരാറുകാർ ഏറ്റെടുക്കുന്നില്ല. അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തുന്നതിനും, ലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട് (12.04.2022 ലെ 2(1) തീരുമാനം).

ഇ) രേഖ സൂക്ഷിപ്പ്

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ് വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെത്തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരികതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-12 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങളനുസരിച്ച് “വാണിജ്യ ആവശ്യം” എന്ന ഉപയോഗക്രമത്തിൽ നികുതി നിർണയിക്കപ്പെട്ട 795 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഖരമാലിന്യ പരിപാലനപരിപാടികളുടെ പുരോഗതി വിലയിരുത്തുന്നതിന് കില വികസിപ്പിച്ച വാർറൂം പോർട്ടലിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 585 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കണക്കുകളിലെ പ്രസ്തുത അന്തരത്തിന് കാരണം ലഭ്യമാക്കിയിട്ടില്ല. 2022-2023 സാമ്പത്തിക വർഷം 200 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ലായെന്ന് മേൽ കണക്കുകളിൽനിന്ന് വ്യക്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ബാധ്യതയുള്ള ഗ്രാമപഞ്ചായത്ത് ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുവാൻ അനുവദിക്കുവാൻ പാടില്ല. ഫീൽഡ്തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി, ധനകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-13 വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ VI-ാം നമ്പർ വാർഡിലെ വസ്തുനികുതി രേഖകൾ (സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹40/-ച.മീറ്റർ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും അവയുടെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-ആണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 6/70 | സെബാസ്റ്റ്യൻ അഗസ്റ്റ്യൻ | 120ച.മീറ്റർ |
| 2 | 6/179 | സെയ്ത് മുഹമ്മദ് | 147 ച.മീ |
| 3 | 6/829 | റ്റി.ഡി.ജോസഫ് | 163 ച.മീ |

വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പ്, 2, 7, 9 ഉപവകുപ്പുകൾ, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നികുതി നിശ്ചയിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയപത്രികകൾ പരിശോധിച്ച്, മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1- 14 ഈടാക്കിയ കാലിവീപ്പ വില യഥാവിധി ക്രമീകരിച്ചില്ല

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി)നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക) കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ആസ്തി പരിപാലന ഗ്രാന്റ് റോഡ് വിഭാഗം ഫണ്ട് വകയിരുത്തി നടപ്പാക്കിയ ടാറിംഗ്/റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയിട്ടുണ്ടെങ്കിലും അത് ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് (കട്ടപ്പന സബ് ട്രഷറി, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.799013000000488 ) നിക്ഷേപിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര്, നമ്പർ | ബാരൽവില |
|---|---|
| മാട്ടുത്താവളം-കാപ്പിപ്പാറ-പാലൂക്കാവ് റോഡ് മെയിന്റനൻസ്(258/23) | 5993 |
| വളകോട്-കോതപാറ റോഡ് മെയിന്റനൻസ്(255/23) | 6945 |
| മറ്റപ്പള്ളിക്കവല-സൂര്യകാന്തിക്കവല റോഡ് മെയിന്റനൻസ്(265/23) | 3851 |
| മറ്റപ്പള്ളിക്കവല- മത്തായിപ്പാറ റോഡ് മെയിന്റനൻസ്(261/23) | 5517 |
| ചപ്പാത്ത്-പൊരികണ്ണിറോഡ് മെയിന്റനൻസ്(267/23) | 4803 |
| സൂര്യകാന്തിക്കവല -മൂന്നാംഡിവിഷൻ ആനപ്പള്ളം റോഡ് മെയിന്റനൻസ് (264/23) | 5040 |
| കുവലേറ്റം-ഇടക്കാനം റോഡ് മെയിന്റനൻസ്(274/23) | 6231 |
| ബൈപാസ് റോഡ് മെയിന്റനൻസ്(105/23) | 5517 |

സർക്കാരിലേക്ക് ഒടുക്കേണ്ട തുക ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ബാരൽ വില യഥാക്രമം 33054-911-Deduct Recoveries Of Overpayments - എന്ന ശീർഷകത്തിലും, GST അതിന്റെ കണക്ക ശീർഷകത്തിലും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 തരിശ് നില കിഴങ്ങ് വിള കൃഷിക്ക് ധനസഹായം- പ്രോജക്ട് നിർവഹണത്തിൽ അപാകങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | ബിൽ വിവരങ്ങൾ | തുക ₹ |
|---|---|---|---|
| പദ്ധതിയുടെ പേര് | തരിശ് നില കിഴങ്ങ് വിള കൃഷിക്ക് ധനസഹായം | BRN 2210085200780025275 3 | 30000 |

| | | | |
|---|---|---|---|
| | | തീയതി. 28.06.2022 | |
| പദ്ധതിയുടെ നമ്പർ | 32/2023 (സ്പിൽ ഓവർ) | BRN 22100852007800252816<br>തീയതി. 28.06.2022 | 58200 |
| അടങ്കൽ | ₹450000/- | BRN 22100852007800252841<br>തീയതി. 28.06.2022 | 78600 |
| ചെലവ് | ₹313500/- | BRN 22100852007800252860<br>തീയതി. 28.06.2022 | 146700 |
| | | ആകെ | 313500 |

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ.(എം.എസ്) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 6.1.8 അനുസരിച്ച് തരിശ് നില കിഴങ്ങ് വിള കൃഷിക്ക് ധനസഹായം നല്കുന്നതിന് ഭൂമി തരിശാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകളോടൊപ്പം ഇപ്രകാരമുള്ള സാക്ഷ്യപ്പെടുത്തലുകൾ സൂക്ഷിച്ചിട്ടില്ല.

2. അപേക്ഷകൾക്കൊപ്പം സൂക്ഷിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് പകർപ്പുകളിൽ പരാമർശിക്കുന്ന അക്കൌണ്ടുകൾക്ക് പകരം മറ്റ് അക്കൗണ്ടുകളിലേക്ക് സബ്സിഡി തുക ക്രെഡിറ്റ് ചെയ്തതായി കാണുന്നു. തുക കൈമാറിയ അക്കൌണ്ടുകളുടെ ഉടമസ്ഥത സംബന്ധിച്ച വിഷയത്തിൽ വ്യക്തതയില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകൻ/അപേക്ഷക | അപേക്ഷകൾക്കൊപ്പം സമർപ്പിച്ചിരിക്കുന്ന അക്കൌണ്ട് | തുക കൈമാറിയിരിക്കുന്ന അക്കൌണ്ട് |
|---|---|---|---|
| 1 | ദിവ്യ സിജൻ | 120201200424566 | 40391101048733 |
| 2 | ബിജോമി തോമസ് | 12280100241326 | 12280100171440 |
| 3 | എൽസമ്മ ദേവസ്യ | 40391101073465 | 12280100276603 |
| 4 | അച്ചാമ്മ | 12280100185176 | 40391101029765 |
| 5 | ലിസമ്മ ഡൊമിനിക് | 12280100185176 | 40391100001125 |
| 6 | ആൽബെർട്ട്. ഡി | 57064025973 | 40391101054901 |

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 02/17.08.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നടത്തിപ്പിൽ സുതാര്യതയില്ലാത്തതിനാൽ ചെലവഴിച്ച ₹313500/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ബെയ്‌ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ നമ്പർ/ പേര് | 290/23 ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത് – ബെയ്‌ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് ₹180000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് -₹420000/- |
| ചെലവ് | ധനകാര്യകമ്മീഷൻ അവാർഡ് ₹180000/-<br>(BRN 22100852007901498748/30.03.2023) |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ 'ഉപ്പുതറ ഗ്രാമപ്പഞ്ചായത്ത്-ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ' പദ്ധതി പ്രകാരം (എസ് 290/23) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, തിരുവനന്തപുരം (കെ.എസ്.ഐ.ഇ.) എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ ബെയിലിംഗ് മെഷീൻ വാങ്ങുകയും സ്ഥാപനം സമർപ്പിച്ച ടാക്സ് ഇൻവോയ്സ് (Invoice No. TVMBC-0297/22-23 Dtd.14.03.2023) പ്രകാരമുള്ള ₹579000/- (490678+18%GST) രൂപയിൽ ₹180,000/- ടി സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. GeM-പോർട്ടലിൽ 90 ശതമാനം വരെ വിലക്കുറവിൽ ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനുള്ള സാഹചര്യം നിലവിലുണ്ടായിരിക്കെ ആയതു പ്രയോജനപ്പെടുത്തിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/തീ.17.08.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, കരാർ സ്ഥാപനത്തിന് ബെയ്ലിംഗ് മെഷീൻ ടെണ്ടർ കൂടാതെ നേരിട്ട് വിതരണം ചെയ്യാനുള്ള അവകാശം സർക്കാർ അനുവദിച്ചിരുന്നുവെന്നും, സാമ്പത്തിക വർഷാവസാനം അംഗീകാരം ലഭിച്ച പദ്ധതിയായതിനാലാണ് അടിയന്തിര സാഹചര്യം മുൻനിർത്തി ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്.

വാങ്ങൽ സംബന്ധിച്ച് ചൂണ്ടിക്കാണിച്ച അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-17 ലൈഫ് ഭവനപദ്ധതി വായ്പ - പഞ്ചായത്തിന് വൻബാദ്ധ്യത

നവകേരളം കർമപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ അവതരിപ്പിച്ച നാല് വികസന മിഷനുകളിൽ ഏറ്റവും പ്രാധാന്യം നേടിയ പദ്ധതിയാണ് ലൈഫ് (LIFE-Livelihood, Inclusion And Financial Empowerment). മുൻകാലങ്ങളിൽ വിവിധ പദ്ധതികൾപ്രകാരം ആരംഭിച്ച് മുടങ്ങിക്കിടന്ന ഗൃഹ നിർമാണം പൂർത്തീകരിക്കുക, ഭവന രഹിത പുനരധിവാസം, ഭൂരഹിത-ഭവന രഹിത പുനരധിവാസം - ഇവ സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതിന്റെ ആദ്യ മൂന്ന് ഘട്ടങ്ങളിലായി വിഭാവനം ചെയ്തത്. ഹഡ്കോയിൽ നിന്നുള്ള വായ്പ (കെ.യു.ആർ.ഡി.എഫ്.സി മുഖേന ലഭ്യമാക്കുന്നത്), സംസ്ഥാന സർക്കാർ വിഹിതം, ത്രിതല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം എന്നിവയാണ് ഇതിന് നിശ്ചയിച്ച സാമ്പത്തിക സ്രോതസ്സുകൾ. പദ്ധതിയ്ക്കായി വകയിരുത്തിയ പ്രസ്തുത സ്രോതസ്സുകളുടെ അനുപാത കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം |
|---|---|---|---|
| ഹഡ്കോ വായ്പ | പൂർത്തീകരിച്ച ഘട്ടത്തിന് ആനുപാതികം | 220000 | 220000 |
| സംസ്ഥാന വിഹിതം | | 100000 | 100000 |
| തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | | 80000 | 280000 |
| ആകെ | | 400000 | 600000 |

(വിദൂരസ്ഥമായ ഊരുകളിൽ താമസിക്കുന്ന പട്ടിക വർഗ വിഭാഗം ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടം മുതൽ ആറു ലക്ഷം രൂപയാണ് വീട്ടു നിർമാണത്തിന് ധനസഹായം നിശ്ചയിച്ചിട്ടുള്ളത്).

നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, ലൈഫ് ഭവനപദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെട്ടതും ഗൃഹ നിർമാണത്തിന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതുമായ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | Phase I | Phase II | SC/ST Additional List | Life 2020 |
|---|---|---|---|---|
| General | 705 | 55 | - | 852 |

| | | | | |
|---|---|---|---|---|
| SC | 72 | 7 | - | 153 |
| ST | 38 | 1 | 78 | 90 |
| ആകെ | 815 | 63 | 78 | 1095 |

പദ്ധതിയുടെ ആദ്യ മൂന്ന ഘട്ടങ്ങളിൽ പങ്കാളികളായത് ആകെ 956 പേരാണ്. ഇവർക്കായി വേണ്ടി വരുന്ന ഹഡ്കോ വായ്പാ ബാധ്യത ₹21,03,20,000/-. ഇതിന പുറമെയാണ് ധനകാര്യ വിശകലനത്തിൽ സൂചിപ്പിച്ചിട്ടുള്ള ആനപാതിക വകയിരുത്തലും വേണ്ടി വരുന്നത്. വായ്പയുടെ തിരിച്ചടവ് കാലാവധി പത്ത് വർഷമാണ്. അത് ഗ്രാമപഞ്ചായത്തിന്റെ അതത് വർഷത്തെ വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്ന് ആനപാതികമായി സർക്കാർ നേരിട്ട് കുറവു വരുത്തുന്നു. തൻവർഷം ലഭിച്ച ₹1,54,40,000/- ഉൾപ്പെടെ ഇതിനോടകം സ്വീകരിച്ച ആകെ വായ്പ ₹185818213/- ആണ്. വായ്പയിനത്തിൽ 2022-23 സാമ്പത്തിക വർഷാവസാനം ₹15,60,52,319/- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് വിഹിതം മൂന്ന വിഭാഗത്തിലുമായി ശരാശരി നാലുകോടി രൂപയാണ്. മുൻ സാമ്പത്തികവർഷം വരെ കൈപ്പറ്റിയ വായ്പാ കണക്കുകളെ ആസ്പദമാക്കി 1.43 കോടി രൂപയാണ് തൻവർഷം തിരിച്ചടവിനത്തിൽ വികസന ഫണ്ടിന്റെ സ്രോതസ്സിൽ നിന്ന് സർക്കാർ കുറവു ചെയ്യുന്നത്. ഇതിന പുറമെ മുൻകാലങ്ങളിൽ പദ്ധതിച്ചെലവിലുണ്ടായ കുറവു മൂലം ഓരോ വർഷവും ഗണ്യമായ തുക ഷോർട്ട് ഫോളായും നഷ്ടപ്പെടുന്നു. (തൻവർഷത്തെ ചെലവുകൾ ആധാരമാക്കി 2024-25-ൽ നഷ്ടമാകുന്ന തുക- ₹ 1.23 കോടി). വാർഷിക പദ്ധതി ആസൂത്രണ മാർഗരേഖയനുസരിച്ച് ലഭ്യമാകുന്ന വികസന ഫണ്ടിന്റെ 20% ലൈഫ് ഭവന പദ്ധതിയുടെ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി നിർബന്ധ വകയിരുത്തൽ നടത്തേണ്ടതുമുണ്ട്. ഫലത്തിൽ ഏതാണ്ട് അൻപതു ശതമാനം അലോട്ട്മെന്റും ലൈഫ് പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ട സാഹചര്യമാണുള്ളത്. തൻമൂലം അനിവാര്യ വകയിരുത്തലുകൾ വേണ്ടി വരുന്ന അംഗൻവാടി പോഷകാഹാര പദ്ധതി, പാലിയേറ്റീവ് കെയർ, സാക്ഷരത, പി.എം.എ.വൈ, അഗതി രഹിത കേരളം പോലുള്ള പദ്ധതികൾക്കുപോലും പണം തികയാത്തതിനാൽ മേഖലാപരമായ ചുമതലകൾക്കും നൂതന പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും ഫണ്ട് കണ്ടെത്താൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല. ഇത്തരം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ ഗ്രാമപഞ്ചായത്ത് മുന്നോട്ടുപോകുമ്പോഴാണ് ലൈഫ് 2020 എന്ന പേരിൽ ലൈഫിന്റെ അടുത്ത ഘട്ടം എത്തുന്നത്. ലഭ്യമാക്കിയ കണക്കുകൾ അനുസരിച്ച് ലൈഫ് 2020 പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത് 1095 പേരാണ്. ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 31500 ആണ്. (2011- സെൻസസ് രേഖകൾ പ്രകാരം). ഇവർ ഉൾപ്പെടെ 2051 കുടുംബങ്ങൾ (956 + 1095) യഥാർത്ഥത്തിൽ ഭവനരഹിതരായിരുന്നുവെന്ന കണക്കുകൾ പ്രത്യേകം പരിഗണിക്കപ്പെടേണ്ട വിഷയമാണ്. ആദ്യ മൂന്ന ഘട്ടങ്ങളിൽ ഉൾപ്പെട്ട 21 വ്യക്തികൾ അനർഹരാണെന്ന് പിന്നീട് കണ്ടെത്തിയ സാഹചര്യം ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ സുതാര്യതയെത്തന്നെ ചോദ്യം ചെയ്യുന്നു. കാർഷിക മേഖലയിൽ സമാന്യം ഭേദപ്പെട്ട സാമ്പത്തികനിലയിൽ വർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയുടെ പത്തു ശതമാനത്തിലധികം (ഒരു കുടുംബത്തിൽ നാലംഗങ്ങൾ എന്ന പരിഗണനയിൽ) ഭവന രഹിതരെന്ന കണക്കുകൾ വിശ്വസനീയമല്ലാത്തതിനാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികളിൽ സമഗ്രമായ ഒരു പരിശോധനയ്ക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

നിലവിലുള്ള പദ്ധതിയ്ക്കായി ഇനിയും 3 കോടിയിലേറെ രൂപയുടെ വായ്പ സ്വീകരിക്കേണ്ടതുണ്ട്. പുതുതായി തയ്യാറാക്കിയ ലൈഫ് 2020 പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 1095 പേർക്ക് ആനുകൂല്യം നൽകുന്നതിന് വായ്പ ഇനത്തിൽ മാത്രം ₹24,09,00,000/- (1095x220000) ആവശ്യമാണ്. പട്ടികയിൽ 143 ഭൂരഹിതരും ഉൾപ്പെടുന്നു. പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അധികമായി അനുവദിക്കുന്ന രണ്ടുലക്ഷം രൂപയും ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി അനുവദിക്കുന്ന തുകയും ഗ്രാമപഞ്ചായത്ത് അധികമായി കണ്ടെത്തേണ്ടതുമുണ്ട്. പ്രസ്തുത പദ്ധതിക്കുകൂടി വായ്പ സ്വീകരിക്കുന്ന സാഹചര്യത്തിൽ അടുത്ത

രണ്ടു വർഷത്തിനുള്ളിൽ വികസന ഫണ്ട് പൂർണമായും വായ്പാ തിരിച്ചടവിനായി സ്രോതസ്സിൽനിന്നുതന്നെ കുറവു ചെയ്യപ്പെടുന്ന സ്ഥിതി വിശേഷം സംജാതമാകും. അടിസ്ഥാന മേഖലകളിലെല്ലാം വികസനം ആവശ്യമെങ്കിലും വളരെ പരിമിതമായ വരുമാന സ്രോതസ്സുകൾ മാത്രം കൈമുതലായുള്ള ഗ്രാമപഞ്ചായത്തിനെ വായ്പാ ബാധ്യത വൻസാമ്പത്തിക പ്രതിസന്ധിയിലേക്കാണ് നയിക്കുന്നത്. ഗുണഭോക്തൃ പട്ടികയുടെ ആധികാരികത കർശനമായി പരിശോധിച്ച് യഥാർത്ഥത്തിൽ അർഹതയുള്ള ഗുണഭോക്താവാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പാക്കാത്തപക്ഷം തുടർന്നുള്ള വാർഷിക പദ്ധതി നിർവഹണം പോലും സ്തംഭിക്കുന്ന അതീവ ഗൗരവമുള്ള വിഷയമാണ് ഗ്രാമപഞ്ചായത്ത് നേരിടേണ്ടി വരിക. സാഹചര്യത്തിന്റെ അടിയന്തിര സ്വഭാവം ഉൾക്കൊണ്ട് ഉചിത പരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 ലൈഫ് ഭവനപദ്ധതി-അനർഹരെന്ന് കണ്ടെത്തിയ ഗുണഭോക്താക്കൾക്കെതിരെ നടപടികൾ വൈകുന്നു

ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട് കരാറിൽ ഏർപ്പെടുകയും എന്നാൽ നിർവഹണ ഘട്ടത്തിൽ അനർഹരെന്ന് കണ്ടെത്തിയതുമായ ഗുണഭോക്താക്കളുടെ പട്ടിക (ടി ആളുകളെ അനർഹരായി കണ്ടെത്തിയിട്ടുള്ളതിന്റെ കാരണങ്ങൾ സഹിതം) ഭരണസമിതി മുൻപാകെ സമർപ്പിച്ച് ടി ആളുകൾക്ക് തുടർ ഗഡുക്കൾ അനുവദിക്കുന്നതിന് സാധിക്കുകയില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് കമ്മറ്റിയിൽ റിപ്പോർട്ട് ചെയ്തിരുന്നു. അത് പരിഗണിച്ച് പ്രസ്തുത പട്ടികയിൽ പരാമർശിക്കുന്ന ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ തുക റവന്യൂ റിക്കവറി നടപടികൾ മുഖേന തിരികെ ഈടാക്കുന്നതിന് ഭരണസമിതി 09/12/2022-ലെ യോഗത്തിൽ ഏകകണ്ഠമായി തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാന നം.3(1)). തുക തിരികെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോഗം സെക്രട്ടറിയെയും നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെയുമാണ് ചുമതലപ്പെടുത്തിയിരുന്നത്.

മേൽ സൂചിപ്പിച്ച കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കരാർ തീയതി | നിർമ്മാണ ഘട്ടം | അനുവദിച്ച ധനസഹായം ₹ | അർഹത ഇല്ലാതായതിനുള്ള കാരണം |
|---|---|---|---|---|---|
| 1 | സെൽവി രാജീവ് കൊട്ടുപറമ്പിൽ, പത്തേക്കർ | 02.05.2019 | തറ | 40000 | പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിന് പെർമിറ്റ് ലഭിച്ച വസ്തു വില്പന നടത്തി കൈവശാവകാശ രേഖയും പെർമിറ്റും ഇല്ലാത്ത മറ്റൊരു വസ്തുവിൽ ഭവന നിർമ്മാണം ആരംഭിച്ച് തറ നിർമ്മാണ ഘട്ടം പൂർത്തീകരിച്ചു |
| 2 | രത്തിനത്തായി വെള്ളയ്യൻ, പുത്തൂർ, ചീന്തലാർ | 21.05.2019 | മേൽക്കൂര | 300000 | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള ശ്രീ. ചന്ദ്രൻ എന്നയാളിന് വാസയോഗ്യമായ ഭവനം നിലവിലുണ്ട് |
| 3 | സറ്റെനോയ് എം., | 2020 | ബേസ്മെന്റ് | 40000 | ഗുണഭോക്താവ് ഉൾപ്പെട്ട |

| | | | | | |
|---|---|---|---|---|---|
| | രാശി ഭവൻ<br>ലോൺട്രി | | | | റേഷൻ കാർഡിൽ<br>ഉള്ള ശ്രീ. മനോഹരൻ<br>സി. എന്നയാളിന്<br>വാസയോഗ്യമായ ഭവനം നിലവിലുണ്ട് |
| 4 | രഘ്വ എസ്.,<br>മോഹൻ,<br>ചീന്തലാർ | 2020 | അരംഭിച്ചിട്ടില്ല | 40000 | ഗുണഭോക്താവ് ഉൾപ്പെട്ട<br>റേഷൻ കാർഡിൽ<br>ഉള്ള ശ്രീ. ശേഖർ<br>എസ്. സി. എന്നയാളിന്<br>വാസയോഗ്യമായ ഭവനം നിലവിലുണ്ട് |
| 5 | മത്തായി,<br>കാഞ്ഞിരത്തുങ്കൽ,<br>ലോൺട്രി | 15.06.2019 | മേൽക്കൂര | 360000 | ഗുണഭോക്താവായ<br>ശ്രീ. മത്തായി<br>മരണപ്പെട്ടിട്ടുള്ളതും മകന് വാസയോഗ്യമായ<br>ഭവനം നിലവിലുള്ളതുമാണ്.<br>റേഷൻ കാർഡിൽ<br>ഉൾപ്പെട്ടിട്ടുള്ളത് പ്രസ്തുത വ്യക്തിയുടെ മകന്റെ<br>മകൾ ആണ് |
| 6 | തോമസ് ജോസഫ്,<br>പുത്തൻപുരയ്ക്കൽ,<br>ഉപ്പുതറ | 30.03.2019 | ലിന്റൽ | 300000 | കരാറിൽ ഏർപ്പെട്ട<br>സമയത്ത്<br>ഗുണഭോക്താവിന്റെ മാതാപിതാക്കൾ<br>സർവ്വീസ്<br>പെൻഷണർമാരായിരുന്നു |
| 7 | കെ. വി. ലളിതമ്മ,<br>കൃഷ്ണ ഹൗസ്,<br>കരുന്തരുവി | 30.07.2019 | മേൽക്കൂര | 300000 | വാസയോഗ്യമായ<br>പഴയ ഭവനം<br>അറ്റകുറ്റപ്പണികൾ ചെയ്ത് നിലനിർത്തി അതിനോട്<br>ചേർന്ന് രണ്ട് മുറികൾ<br>പുതിയതായി<br>നിർമ്മിച്ചിരിക്കുന്നു |
| 8 | ആശിഷ് പി. ആനന്ദൻ,<br>പുത്തൻപറമ്പിൽ,<br>അനപ്പള്ളം | 30.03.2019 | മേൽക്കൂര | 360000 | ഗുണഭോക്താവ് ഉൾപ്പെട്ട<br>റേഷൻ കാർഡിൽ ഉള്ള<br>ശ്രീ. ആനന്ദൻ<br>എന്നയാളിന്<br>വാസയോഗ്യമായ ഭവനം നിലവിലുണ്ട് |
| 9 | ഐ. ജോൺ,<br>അജിത്ത് ഭവൻ, | 20.03.2019 | മേൽക്കൂര | 360000 | റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളുടെ<br>ഉടമസ്ഥതയിൽ |

| | | | | | |
|---|---|---|---|---|---|
| | കരുന്തരുവി | | | | 25 സെന്റിൽ കൂടുതൽ<br>വസ്തു ഉണ്ട്.<br>ഗുണഭോക്താവിന്റെ മകൻ വിദേശത്ത്<br>ജോലി ചെയ്യുന്നു |
| 10 | ടോമി എ. പി,<br>ഏഴോലിൽ, കരുന്തരുവി | 06.10.2018 | തറ | 300000 | നിർമ്മാണം നടന്നു കൊണ്ടിരുന്ന മറ്റൊരു<br>വീടിന്റെ ഭിത്തി മട്ടം കാണിച്ച് ₹3,00,000/-<br>കൈപ്പറ്റുകയും നിലവിൽ തറ ഘട്ടം മാത്രം<br>നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ് |
| 11 | സാബു എബ്രഹാം,<br>തെക്കേകാലായിൽ,<br>വളകോട് | 28.03.2019 | മേൽക്കൂര | 360000 | റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളുടെ<br>ഉടമസ്ഥതയിൽ<br>25 സെന്റിൽ കൂടുതൽ<br>വസ്തു ഉണ്ട്.<br>രണ്ട് നില വീട് നിർമ്മിച്ചിരിക്കുന്നു |
| 12 | മരിയ സെൽവം,<br>ലോൺട്രി എസ്റ്റേറ്റ് | 26.06.2020 | തറ | 40000 | ഗുണഭോക്താവിന്റെ<br>ഭർത്താവ് ശ്രീ. വർഗ്ഗീസ് മരണപ്പെട്ടതും രണ്ട്<br>ആൺമക്കളിൽ ഒരാൾക്ക് വാസയോഗ്യമായ ഭവനം<br>നിലവിലുള്ളതും ഒരാൾ<br>ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണം<br>നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു |
| 13 | ഭാനുമതി സോമൻ,<br>കുട്ടൻകുളങ്ങര,<br>കരുന്തരുവി | 2020 | മേൽക്കൂര | 300000 | ഗുണഭോക്താവ് ഉൾപ്പെട്ട<br>റേഷൻ കാർഡിൽ ഉള്ള<br>ശ്രീ. സുരേഷ് എന്നയാളിന് വാസയോഗ്യമായ<br>ഭവനവും അതിനടുത്തായി വാസയോഗ്യമായ<br>കോൺക്രീറ്റ് കെട്ടിടവും നിലവിലുണ്ട് |
| 14 | വിദ്യാധരൻ സി ആർ<br>ചവറനാനിക്കൽ<br>ചിന്നാർ പി ഒ. | 15/2/19 | NA | 40000/- | ടി ഗുണഭോക്താവ് ആദ്യ ഗഡു കൈപ്പറ്റുകയും<br>തുടർന്ന് ഭവനനിർമ്മാണം നടത്താതിരിക്കുകയും.<br>തുടർന്ന് അറിയിപ്പുകൾ നടത്തിയിട്ടും<br>യാതൊരുവിധ മറുപടിയും നൽകിയിട്ടുമില്ല. |
| 15 | പത്മ ചന്ദ്രൻ, ചീന്തലാർ<br>3-ാം ഡിവിഷൻ | 22/2/21 | BASEMENT | 40000/- | ഗുണഭോക്താവിന്റെ ഭർത്താവിന്റെ ഉടമസ്ഥതയിൽ<br>25 സെന്റിൽ കൂടുതൽ വസ്തുവുണ്ട് |
| 16 | വർഗ്ഗീസ്സ് അഗസ്റ്റിൻ<br>പാറക്കൽ | 10/6/19 | - | 360000/ | 17 വർഷം പഴക്കമുള്ള വീടിന്റെ ഫോട്ടോ കാട്ടി<br>നിർവ്വഹണ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ച്<br>360000/- രൂപ കൈപ്പറ്റി. |

| | | | | | |
|---|---|---|---|---|---|
| 17 | ബിജു എ, പുതുപ്പറമ്പിൽ, ആനപ്പള്ളം | 11/7/19 | ROOF | 360000/ | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള ശ്രീമതി അന്നമ്മ അബ്ബാസ് എന്നയാളിന് IAY ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 ൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. |
| 18 | ശ്രീജിത്ത് എസ്. ചാലുങ്കൽ, ലോൺട്രി | 30/6/19 | BASEMENT | 40000/- | ഗുണഭോക്താവിന്റെ പേര് സി. ഡി. സോമൻ എന്നാണ്. ടിയാളുടെ ഉടമസ്ഥതയിൽ 25 സെന്റിൽ കൂടുതൽ വസ്തുവുണ്ട്. |
| 19 | സെലിൻ രാജൻ, പുത്തൻപറമ്പിൽ, ലോൺട്രി | 14/6/19 | ROOF | 360000 | 6/2/21 ഗുണഭോക്തൃ പട്ടികയിലെ റേഷൻ കാർഡ് നമ്പർ 1631011512 ആണ് എന്നാൽ എഗ്രിമെന്റ് തിയതീയിൽ ഹാജരാക്കിയ റേഷൻ കാർഡ് നമ്പർ 1631024536 ആണ്. |
| 20 | ബിനോയി ജോസഫ് ഇടത്തിപ്പറമ്പിൽ, ലോൺട്രി | 17/6/19 | COMPLETION | 360000/- | ഗുണഭോക്താവിനു KL 37 A 9701, KL 37 E 7042 എന്നീ സ്വകാര്യ നാലു ചക്ര വാഹനം ഉണ്ട്. റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗം വിദേശത്ത് ജോലി ചെയ്യുന്നു. |
| 21 | സന്തോഷ് കറുപ്പസ്വാമി, കരുന്തരുവി | 26/6/20 | ROOF | 300000/- | ഗുണഭോക്തൃ പട്ടികയിൽ കറുപ്പസ്വാമിയുടെ പേരാണ് ഉൾപ്പട്ടിട്ടുള്ളത്. റേഷൻ കാർഡ് 2019-ൽ ഉള്ളതാണ്. |
| 22 | ലൈസാമ്മ സജി, മൂലേചാലിൽ, കോതപ്പാറ | 16/3/19 | NA | 40000/- | ഗുണഭോക്താവിന്റെ ഭർത്താവിന്റെ ഉടമസ്ഥതയിൽ 25 സെന്റിൽ കൂടുതൽ വസ്തുവുണ്ട്. സർവ്വേ നമ്പർ 161/1 1 Hr 15 Are 7sqm വസ്തു ഉള്ളതാണ്. |
| 23 | സെലിൻ നെൽസൺ പുത്തൻവീട്ടിൽ, വളകോട് | 12/01/18 | Completion | 360000/- | ഗുണഭോക്താവിന്റെ ഭർത്താവിന്റെ ഉടമസ്ഥതയിൽ 25 സെന്റിൽ കൂടുതൽ വസ്തുവും വീടും ഉള്ളതാണ്. |

09/12/2022 -ലെ ഭരണസമിതി യോഗതീരുമാനത്തിൽ പരാമർശിക്കുന്ന 23 ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/17.08.2023) സമർപ്പിച്ച മറുപടിയിൽ, മേൽ പട്ടികയിലെ ക്രമ നം.7 (കെ വി ലളിതമ്മ), ക്രമ നം.19 (സെലിൻ രാജൻ) എന്നിവർ യഥാക്രമം 10.02.2023 ലെ 32(1), 30.06.2023 ലെ 6(1) നമ്പർ ഭരണസമിതിതീരുമാനങ്ങൾ പ്രകാരം ഭവനനിർമ്മാണം തുടരുന്നതിനും ആനുകൂല്യം കൈപ്പറ്റുന്നതിനും അർഹരാണെന്നും അവശേഷിക്കുന്ന 21 ഗുണഭോക്താക്കൾക്ക് റവന്യൂ റിക്കവറിയ്ക്ക് നോട്ടീസ് അയയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം നടപ്പാക്കുന്നതിലെ കാലവിളംബം അംഗീകരിക്കാവുന്നതല്ല. കർശനമായ പരിശോധനകൾ കൂടാതെ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ച നടപടിക്ക് വിശദീകരണം നൽകേണ്ടതും തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സമയബന്ധിതമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. അർഹരായ ഗുണഭോക്താക്കളാണ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നതെന്ന് ഉറപ്പാക്കുവാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്,

നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-19 സ്കൂൾ അറ്റകുറ്റപ്പണി - പൊളിച്ചെടുത്ത റൂഫിംഗ് മെറ്റീരിയൽസിന്റെ പുനരുപയോഗ-ലേല വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കും പെയിന്റിംഗിനുമായി ₹800000/- അടങ്കൽ വകയിരുത്തി 2021-22-ൽ ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ (നം. എസ് 136/22) നിർവ്വഹണച്ചുമതല ഇ-ടെണ്ടർ നടപടികളിലൂടെ ശ്രീ. റ്റി.കെ. അഭിലാഷ് എന്ന കരാറുകാരനാണ് അനുവദിച്ചിരുന്നത്. പ്രൊജക്റ്റിൽ ഉൾപ്പെട്ട പശുപ്പാറ പുതുവൽ സ്കൂളിന്റെ മേൽക്കൂര നവീകരിക്കുന്ന ഇനങ്ങളാണ് (കേടുപാടുകൾ സംഭവിച്ച ഷീറ്റുകൾ മാത്രം മാറ്റുക) എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്നതെങ്കിലും പിന്നീട് അത് പുതുക്കി ട്രസ്സ് വർക്ക് പൂർണ്ണമായും മാറ്റി നവീകരിക്കാനാണ് നിശ്ചയിച്ചത്. 2022-23-ൽ സ്പിൽഓവർ ആയി നടപ്പാക്കിയ പ്രൊജക്റ്റിനായി (എസ്055/23) BRN 22100852013800459832/25-8-2022 പ്രകാരം ₹78,683/- ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്റ്റിന്റെ ഒന്നാമത്തെ ഇനമായി സ്കൂൾ കെട്ടിടത്തിന്റെ നിലവിലുള്ള 300.37m$^2$ ട്രസ്സ് വർക്ക് പൊളിച്ചുമാറ്റി സ്റ്റാക്ക് ചെയ്യുന്നതിന് 143.90/m$^2$ നിരക്കിൽ ₹43223.24/- ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത സാമഗ്രികൾ പുതുതായി ചെയ്ത ട്രസ്സ് വർക്കിന് ഉപയോഗിച്ചതായി രേഖപ്പെടുത്തലുകളോ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തതായോ കാണുന്നില്ല. ആയത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് എൻക്വയറി (6/19-8-23) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ചുമാറ്റി സ്റ്റാക്ക് ചെയ്ത ട്രസ്സ് വർക്കിന്റെ ഭാഗങ്ങൾ മൂല്യനിർണ്ണയം നടത്തേണ്ടതും ലേലം/ പുനരുപയോഗം നടത്തി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

1-20 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല

മഴക്കാല രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ശുചീകരണ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു വാർഡിന് പതിനായിരം രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകൾക്കായി ആകെ ₹180000/- ഉപ്പുതറ പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് കൈമാറിയിരുന്നു. (വൗച്ചർ നം.22200280/ 21.07.2022). എന്നാൽ അവയുടെ വിനിയോഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് അവ നടപ്പാക്കുന്നതിനും അവയുടെ ചെലവ് രേഖകൾ തയ്യാറാക്കുന്നതിനും ചുമതലപ്പെട്ട പി.എച്ച്.സി. യിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരും (ഹെൽത്ത് ഇൻസ്പെക്ടർമാർ) കണക്കുകൾ ക്രോഡീകരിക്കുന്നതിന് ചുമതലപ്പെട്ട ക്ലറിക്കൽ വിഭാഗം ഉദ്യോഗസ്ഥരും ഈ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 04/തീ.18.08.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹180000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ അവ പൂർണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ :- മെഡിക്കൽ ഓഫീസർ (ഹോമിയോ)

| പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | മൂല്യം | |
| എസ്186/23 ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ | ഹോംകോ ആലപ്പുഴ | 250000 | NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 08.11.2022-ൽ ട്രാൻസ്ഫർ ചെയ്തു. | 103205 | 146795 |
| എസ്185/23 ആയുർവേദ ആശുപത്രിക്ക് മരുന്ന് | ഔഷധി തൃശ്ശൂർ | 750000 | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 08.11.2022-ൽ ട്രാൻസ്ഫർ ചെയ്തു. | 408039 | 341961 |
| എസ്187/23 ST കോളനി മെഡിക്കൽ ക്യാമ്പ് | ഔഷധി തൃശ്ശൂർ | 160000 | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 08.11.2022-ൽ ട്രാൻസ്ഫർ ചെയ്തു. | 56067 | 103933 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ പൂർണ്ണമായും അടിയന്തിരമായും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 സംയോജിത പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്തിന് നിർവഹണ ചുമതലയുള്ള PMAY-യ്ക്ക് കോൺട്രിബ്യൂട്ടിംഗ് പാർട്ണർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് തൻവർഷം തുക കൈമാറിയിട്ടുണ്ടെങ്കിലും അതിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | നിർവഹണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം | കൈമാറിയ തുക ₹ | വൗച്ചർ/ബിൽ വിവരങ്ങൾ |
|---|---|---|---|
| എസ് 162/23 PMAY ഗ്രാമപഞ്ചായത്ത് വിഹിതം | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 490000 | 222100852012900602229/01.10.2022 |

കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 180000 | S215/23 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 180000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 1440000 | S003/23 ലൈഫ് ഭവന പദ്ധതി( GEN) | 1440000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 288956 | S161/23 പാലിന് സബ്സിഡി | 288956 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 235200 | S297/23 ഗോത്രസാരഥി | 235200 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 2820000 | S202/23 ലൈഫ് അഡീഷനൽ ലിസ്റ്റ് | 235200 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 400000 | S315/23 സുവർണഭവനം | 400000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 200000 | S098/23 ലൈഫ് ഭവന പദ്ധതി (എസ്.സി) | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 200000 | S161/23 പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 500000 | S295/23 SC സ്കോളർഷിപ്പ് | 500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 300000 | S296/23 ST സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 540000 | S215/23 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 540000 | 0 |

### 4-2 നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കൈമാറിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ഉപ്പുതറ | എം.സി.എഫിന് വൈദ്യുതി കണക്ഷൻ | 22200552/21/ 10.2022 | 34922/- | ലഭ്യമല്ല | ലഭ്യമല്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– – ഇല്ല – –

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് LIFE വായ്പയിനത്തിൽ ₹1,54,40,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|

| | | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധ)/ 293336/ ഡി.ബി/1/ 510/ത.സ്വ.ഭ.വ. തീ. 23.09.14 | 170378213 | 154938213 | 1,54,40,000 | 1,43,25,894 | 0 | 15,60,52,319 |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) 68/18/LSGD തീ.18.05.2018 | 18000000 | 65,40,000 | 0 | 18,00,000 | 624638 | 4740000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000/- |
| ആകെ | 1000000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000/-- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക് | 16.11.2022 | ഒരു വർഷം | 10,00,000 | സർട്ടിഫിക്കറ്റ് നം. 3020002772/16.11.2022 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തുടരുന്നു |
| 2006-07 | 3(3) | 2009-10 | 2(8) | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹3,14,800/- | തുടരുന്നു |
| 2014-15 | 2-9 | 2016-17 | അനുബന്ധം 3 | വസ്തുനികുതി അപാകതകൾ | തുടരുന്നു |
| 2015-16 | 2-10 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ | റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാ | സർചാർജ്ജ് | റവന്യു റിക്കവറി | കോടതി വ്യവഹാര | ആകെ | അവശേ | റി |
|---|---|---|---|---|---|---|---|---|---|---|---|

| നം. | വർഷം | നം. | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | | | ക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | ങ്ങളിൽ | | ലഭ്യമായ തുക ₹ | ഷിക്കുന്ന തുക/ ബാധ്യത ₹ | മാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 21എ | കെ. എൻ. അശോകൻ സെക്രട്ടറി | LF.7513/ SplCell/ SC2/02 Dt.01.03.03 | 110 | - | ഇല്ല | - | - | - | - | 110 | - |

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2000-01 | 29 | കെ.എൻ അശോകൻ സെക്രട്ടറി | LF.20351/ SplCell/ SC2/04 Dt. 30.11.05 | 2056 | - | - | - | - | - | 2056 | - |
| 2 | 2003-04 | 3-6 | ചന്ദ്രശേഖരൻ എ.ഇ. | LF-9186 Spl.Cell/ SC2/2007 Dated. 17.02.10 | 8264 | - | - | - | - | - | 8264 | - |
| 3 | 2005-06 | 3-4, 3-5 | മുഹമ്മദ് കുഞ്ഞ് | LF21419 Spl.Cell/ SC2/2009 Dated. 04.03.10 | 19376 | - | - | - | - | - | 19376 | - |
| 4 | 2010-11 | 3-8 | ദാനിയേൽ മാത്യു | LF-6984 Spl.Cell/ SC2/2013 Dated. 13.03.14 | 14000 | - | - | - | - | - | 14000 | - |
| 5 | 2014-15 | 3-3 | ഡോ. ബി. രഘുനാഥ് വെറ്ററിനറി സർജൻ | KSA-9746 Spl.Cell/ CSC/C1/2016 Dated. 14.2.2020 | 17500 | - | - | - | - | - | 17500 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹36649903/- |
| ആകെ വരവ് | ₹145319380/- |
| ഒട്ടാകെ | ₹108669477/- |

| | |
|---|---|
| ആകെ ചെലവ് | ₹65542205 |
| നീക്കിയിരിപ്പ് | ₹43127272 |
| (പഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹493500/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 313500 | ശ്രീമതി ധന്യ ജോൺസൺ<br>കൃഷി ഓഫീസർ |
| 1-20 | 180000 | ഡോ. കെ.എം.സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ,<br>ഉപ്പുതറ സി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-12, 1-13, 1-18, 1-19

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ധന്യ ജോൺസൺ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഉപ്പുതറ | കരോട്ടുപുരയ്ക്കൽ (H)<br>കണ്ണിക്കൽ പി.ഒ.<br>മൂലമറ്റം, ഇടുക്കി |
| ഡോ. കെ.എം.സെബാസ്റ്റ്യൻ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഉപ്പുതറ സി.എച്ച്.സി. | കടംപ്ലാക്കൽ (H)<br>ഇരുപതേക്കർ പി.ഒ.<br>കട്ടപ്പന, ഇടുക്കി. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22 /16.09.2022 | 2 | 21 എ, ബി, സി<br>22 എ, ബി |
| 2000-2001 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22 /16.09.2022 | 2 | 18, 29 |
| 2001-2002 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 2 | 2-4, 2-10 |
| 2003-2004 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 3 | 2-1, 2-3, 3-6 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 3 | 3-3, 3-4, 3-5 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 1 | 3-3 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 1 | 2-2 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 2 | 3-4, 3-8 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ പി3-1338/22/16.09.2022 | 7 | 2-9, 2-10, 3-1, 3-2, 3-3, 3-4, 3-7 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 2 | 3-4, 3-6 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 1 | 2-1 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 1 | 3-2 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 2 | 1-13, 1-26 |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ.-9/545/20/16.09.2022 | 10 | 1-9 മുതൽ 1-18 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-9/833/21, തീ. 30.09.2021 | 12 | 1-3, 1-3-6, 1-9, 1-10, 1-12, 1-13, 1-14, 1-16, 1-17, 1-18, 1-21, 1-24 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ. പി3-1615/2022 തീ. 10.01.2023 | 20 | 1-3-4, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-20, 1-21, 1-22, 1-24, 1-26, 1-27, 3-1, 3-2, 3-3, 4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/1 dated 24-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Upputhara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Upputhara Grama Panchayat for the year 2022-2023

Date: 17/10/2023

Deputy Director
District Office Idukki
Kerala State Audit Department

### Audit Report appended to the Audit Certificate of Upputhara Grama Panchayat for the Year 2022-2023.

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non disclosure of assets. Asset register is not comprehensive and uptodate.

**2.Other Observations**

1. Cash flow statement- Net increase/decrease in cash flow does not match with difference between the opening balance and closing balance of cash and cash equivalents.
2. Demand registers does not match with financial statements.
3. The registers, viz., advance register, deposit register, investment register etc., are not correctly maintained and or does not match with accounts.
4. Lapses in making timely and accurate demand entries in respect of tax and non-tax revenue.
5. Depreciation provided for the Assets is not correct.
6. Grant liability amount shown as liability in Balance Sheet (B-4 schedule) does not match with bank account maintained for the specified grant account.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്